''ഭരണഭാഷ-മാതൃഭാഷ''

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 19-06-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം - സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ തസ്തികനിർണയം 2019-20 - 'സമന്വയ' വഴിയല്ലാതെ തസ്തികനിർണയം നടത്തേണ്ട സ്കൂളുകൾ - നിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന : 1) 31-05-2019 ലെ സ.ഉ (എം.എസ്) നമ്പർ 51/2019/പൊ.വി.വ
2) 15-06-2019 ലെ ജി.ഒ (എം.എസ്) നമ്പർ 62/2019/പൊ.വി.വ

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ തസ്തികനിർണയവും, എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും 2019-20 വർഷം മുതൽ 'സമന്വയ' സോഫ്റ്റ്‌വെയർ വഴി ഓൺലൈനായി നിർവഹിക്കണമെന്ന് സൂചന (1) ലെയും (2) ലെയും ഉത്തരവുകൾ വഴി സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് 'സമന്വയ'യുടെ നിയമനാംഗീകാര മൊഡ്യൂൾ പ്രവർത്തനസജ്ജമാവുകയും മാനേജർമാർ പ്രൊപ്പോസലുകൾ സമർപ്പിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. തസ്തികനിർണയ മൊഡ്യൂളിന്റെ പരിശീലന പരിപാടികൾ 22-06-2019 നു മാത്രമേ ഉപജില്ലകളിൽ പൂർത്തിയാവുകയുള്ളൂ. ആയതിനാൽ 24-06-2019 മുതൽ മാത്രമേ 'സമന്വയ' വഴിയുള്ള ഈ വർഷത്തെ തസ്തികനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയൂ.

ഈ വർഷം 'സമന്വയ'യിൽ താഴെപറയുന്ന ഏതാനും വിഭാഗങ്ങളിലെ സ്കൂളുകളുടെ തസ്തികനിർണയം ഉൾപ്പെടുത്തിയിട്ടില്ല. (വരുംവർഷം ഇവയും 'സമന്വയ'യിൽ ഉൾപ്പെടുത്തുന്നതാണ്.)

1) ഓറിയന്റൽ സ്കൂളുകൾ
2) കന്നട/തമിഴ് മീഡിയം പാരലൽ ഡിവിഷനുകൾ ഉള്ള സ്കൂളുകളും, പ്രത്യേക സർക്കാർ ഉത്തരവ് വഴി ഇംഗ്ലീഷ്/മലയാളം മീഡിയം ക്ലാസുകൾക്ക് വെവ്വേറെ ഡിവിഷനുകളും തസ്തികയും അനുവദിക്കുന്ന സ്കൂളുകളും.
3) സ്പെഷ്യൽ സ്കൂളുകൾ
4) റ്റി.റ്റി.ഐ കൾ (ഫീഡിംഗ് സ്കൂൾ ഉൾപ്പെടെ)

ആയതിനാൽ ടി. സ്കൂളുകളുടെ തസ്തികനിർണയം മുൻവർഷത്തേതു പോലെ തന്നെ ഈ വർഷവും മാന്വലായി ചെയ്യണം. ഇതിനുള്ള പ്രൊപ്പോസലുകൾ ഇപ്പോൾ തന്നെ പ്രഥമാധ്യാപകരിൽ നിന്നു വാങ്ങി ഈ സ്കൂളുകളുടെ തസ്തികനിർണയം ജൂൺ മാസത്തിൽ തന്നെ പൂർത്തിയാക്കാൻ എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്. ഈ വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന അധിക തസ്തികകൾ, കുറയുന്ന തസ്തികകൾ, ഈ വർഷം അധ്യാപക ബാങ്കിൽ പുതുതായി ഉൾപ്പെടുത്തേണ്ട തസ്തിക നഷ്ടമായ സംരക്ഷിത ജീവനക്കാർ, നിലവിൽ അധ്യാപക ബാങ്കിലുള്ള സംരക്ഷിത ജീവനക്കാർ തുടങ്ങിയ മുഴുവൻ വിവരങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുകയും വേണം.

25-06-2019 മുതൽ ചുരുങ്ങിയ ദിവസത്തിനുള്ളിൽ മറ്റെല്ലാ സ്കൂളുകളിലെയും തസ്തികനിർണയം 'സമന്വയ' വഴി പൂർത്തിയാക്കേണ്ടതുള്ളതിനാൽ ടി. സ്കൂളുകളിലെ തസ്തികനിർണയം ജൂൺ മാസത്തിൽ തന്നെ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കാൻ ബന്ധപ്പെട്ട ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കണമെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊണ്ട്,

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പകർപ്പ് :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)